**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല**

**പ്രവചന കാലയളവ് 28.12.2024 മുതൽ 01.01.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 52/2024 (104) വെള്ളിയാഴ്ച്ച | തീയ്യതി 27/12/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 28.12.2024 | 29.12.2024 | 30.12.2024 | 31.12.2024 | 01.01.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 0 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 83 | 83 | 83 | 83 | 83 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 66 | 66 | 66 | 66 | 66 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 4 | 4 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 250 | 250 | 270 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 5 | 5 | 6 | 6 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴ കുറഞ്ഞു വരുന്നതിനാൽ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) കതിരു വന്ന പരുവം | ഓലചുരുട്ടിപ്പുഴു | മൂടികെട്ടിയ അന്തരീക്ഷസ്ഥിതി തുടരുമ്പോൾ ഓലചുരുട്ടി പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരുഏക്കർ പാടശേഖരത്തിന് 2 സിസി. ട്രൈക്കോകാർഡ്ചെറുകഷണങ്ങളായി മുറിച്ച് വയലിന്റെറ പലഭാഗത്ത്ഓലയുടെ അടിഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറൻട്രാനിലിപ്രോൾ പത്ത്ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | ചെല്ലിക്കുത്ത് | കൃഷിയിടംവൃത്തിയായിസൂക്ഷിക്കുക, കൂമ്പിനുചുറ്റുമുള്ള 2-3 ഇലകവിളുകളിൽ 45 ദിവസംകൂടുമ്പോൾമണലുംപാറ്റാഗുളികയുംഅല്ലെങ്കിൽതുല്യഅളവ്മണലുംവേപ്പിൻപിണ്ണാക്കുംചേർത്ത്ഇടുക. മണ്ടവൃത്തിയാക്കിയശേഷം 20ഗ്രാംകാർട്ടാപ്പ്ഹൈഡ്രോക്ലോറൈഡ് 4G / ഫിപ്രോനിൽ 0.3G / കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കൂമ്പോലക്കു ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക. |
| വെള്ളരി വർഗ വിളകൾ | മൃദുരോമപൂപ്പൽ | ഉണങ്ങിയതും രോഗബാധയേറ്റതുമായ ഇലകളും വള്ളികളും മുറിച്ചുമാറ്റി നശിപ്പിച്ചതിന്ശേഷം മാങ്കോസെബ് എന്ന കുമിൾ നാശിനി 3 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| ശീതകാല പച്ചക്കറികൾ | പരിചരണം | കാബേജ്, കോളിഫ്ലവർ എന്നിവയ്ക്ക്മഴയില്ലെങ്കിൽ ഹെഡ് / കർഡ്(ഭക്ഷ്യയോഗ്യമായഭാഗം) രൂപപ്പെടുന്നതുവരെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ആവശ്യാനുസരണം ജലസേചനം നൽകാവുന്നതാണ്. കോളിഫ്ലവറിൻറ്റെ കർഡ്വന്നു തുടങ്ങി പകുതി മൂപ്പെത്തുമ്പോൾ സൂര്യപ്രകാശം ഏറ്റ്നിറം മഞ്ഞളിക്കാതിരിക്കാൻ ചുറ്റുമുള്ള 3-4 ഇലകൾ കൂട്ടിച്ചേർത്തു കെട്ടികൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം:- ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചെള്ള് ,ഈച്ച, കൊതുക്, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ ജാഗ്രത പുലർത്തുക. (CAADECCS KVASU, Mannuthy)